സബ്സ്റ്റേഷൻ നിർമ്മാണം

91 (243) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ, പേരാർ, ബേളൂർ എന്നീ സ്ഥലങ്ങളിലെ 33 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

തൃക്കരിപ്പൂർ, ബേളൂർ എന്നീ സ്ഥലങ്ങളിലെ 33 കെ. വി. സബ്സ്റ്റേഷനുകൾ നിർമ്മാണത്തിനുള്ള സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ബോർഡിന് കൈമാറാനുള്ള ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. സ്ഥലം ലഭിച്ചുകഴിഞ്ഞാലുടൻ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. പെർള 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസിൽ തരുവാൻ സ്ഥലം ഉടമ സമ്മതിച്ചിട്ടുണ്ട്. കാസർകോഡ് കളക്ടർ വില തീരുമാനിച്ചതിനുശേഷം ബാക്കി നടപടികൾ സ്വീകരിക്കുന്നതാണ്. സ്ഥലം ലഭിച്ചാലുടൻ പണിയാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തലശ്ശേരി ക്യാൻസർ ആശുപത്രി

92 (244) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ വിദ്യുച്ഛക്തി ബോർഡിന്റെ ഉടമസ്ഥതയിലോ മേൽനോട്ടത്തിലോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ക്യാൻസർ ആശുപത്രിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ആശുപത്രിയുടെ ഭരണ സമിതി അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) ആശുപത്രിയുടെ മൊത്തം മുതൽ മുടക്ക് എത്രയാണെന്നും ഇത് ഏതെല്ലാം സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് സ്വരൂപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കാനഡയിലെ ഏതെങ്കിലും സ്ഥാപനങ്ങളോ കമ്പനികളോ തലശ്ശേരി ക്യാൻസർ ആശുപത്രിക്കുവേണ്ടി സംഭാവനയായോ ഓഹരി മൂലധനമായോ വായ്പയായോ പണം നൽകിയിട്ടുണ്ടോ ; എങ്കിൽ ആരാണ് നൽകിയതെന്നും എത്ര തുക നൽകിയെന്നും വെളിപ്പെടുത്തുമോ ;

(ഇ) ഇപ്രകാരം പണം നൽകിയത് ഇലക്ട്രിസിറ്റി ബോർഡിന്റെ അഭ്യർത്ഥന പ്രകാരമാണോ ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly